


# വിചിത്രമായ ആചാരങ്ങളും, ജീവിതങ്ങളും

## ചില ടാൻസാനിയൻ അനുഭവങ്ങൾ

അനിൽകുമാർ, ധന്യ

(കഴിഞ്ഞ ലക്കം തുടർച്ച)

പഴങ്ങളൊക്കെ പട്ടണത്തിലെത്തിയാൽ സാധാരണക്കാർക്ക് വാങ്ങാൻ കഴിയാത്തത്ര വില നൽകേണ്ടി വരും. എന്നാൽ സിഫലിനറിയില്ലല്ലോ അവളുടെ അധ്വാനത്തിന്റെ മൂല്യം. അന്ന് സിഫൽ സ്കൂളിൽ പോയിരുന്നില്ല. രാവിലെ മുതൽ കാട്ടിലൂടെ അലഞ്ഞ് തിരിഞ്ഞ് പറിച്ചെടുത്തതാണ് ഈ പഴങ്ങളെല്ലാം. ഇനി ഈ ഉച്ച നേരത്ത് ഇതും ചുമന്ന് ചെരിപ്പ് പോലുമില്ലാതെ കാട്ടു വഴിയിലൂടെ ആറു കിലോമീററർ നടന്നു വേണം ലുക്കോസി ചന്തയിലെത്താൻ. കുപ്പിവെള്ളത്തിന് കാശു മുടക്കാനില്ലാത്തതു കൊണ്ട് കുടിക്കാനുള്ള വെള്ളവും അവൾ ഒരു കൈയിൽ കരുതിയിട്ടുണ്ട്. സമയം ഏകദേശം ഒരുമണിയായിട്ടുണ്ടാകും; എന്നോട് യാത്ര പറഞ്ഞ് തിടുക്കത്തിൽ കാട്ടുവഴിയിലൂടെ നടന്നു നീങ്ങി. സിഫലിന്റെ ആ പോക്ക് എന്റെ മനസ്സിൽ വല്ലാത്ത വേദനയുണ്ടാക്കി. പിന്നെ പണിയുടെ തിരക്കിലെപ്പോഴോ ഞാൻ സിഫലിനെ ഞാൻ മറന്നുപോയി. വൈകുന്നേരം കിങ്കോയിലെ ചെറിയ വൈൻ കടയുടെ മുമ്പിൽ നിൽക്കുമ്പോൾ സിഫൽ മലയിറങ്ങി വരുന്നത് പെട്ടെന്ന് എന്റെ കണ്ണിൽ പെട്ടു. ഞാനവളെ അടുത്തേക്ക് വിളിച്ചു. കരിഞ്ഞു വാടിയ മുഖവുമായി നടക്കാൻ പോലും കഴിയാത്ത അവസ്ഥയിലായിരുന്നു അവൾ. ഞാൻ അവളുടെ കയ്യിലെ ചെറിയ പേഴ്സ് തുറന്നു നോക്കി. ആകെ ഉണ്ടായിരുന്നത് 300 ഷില്ലിങ് മാത്രം. അതായത് 14 ഇന്ത്യൻ രൂപ എന്നു പറയാം. ഇതാണ് ആ കുടുംബത്തിന്റെ ഒരാഴ്ചത്തെ വരുമാനം. ചന്തയിൽ നിന്ന് എന്തെങ്കിലും കഴിച്ചോയെന്ന എന്റെ ചോദ്യത്തിന് ഇല്ല എന്നും ഇനി വീട്ടിൽ പോയി ഉഗാളി (പൊടിച്ച ചോളം വെള്ളത്തിലിട്ട് തിളപ്പിച്ച് ഉപ്പും ചില സുഗന്ധദ്രവ്യങ്ങളും ചേർത്ത് തണുക്കുമ്പോൾ മുറിച്ചെടുത്ത് കഴിക്കുന്ന ഒരു ഭക്ഷണവിഭവം) ഉണ്ടാക്കി കഴിക്കണമെന്നും വാടിയ സ്വരത്തിൽ പറഞ്ഞ് അവൾ നടന്നു നീങ്ങി.

സിഫലിന്റെ അച്ഛൻ മരിച്ചു പോയി എന്നത് യാദൃശ്ചികം മാത്രം. എന്നാൽ താൻസാനിയൻ ഗ്രാമങ്ങളിലെ കുട്ടികളുടെയും സ്ത്രീകളുടെയും പൊതു ജീവിതരീതിയാണ് സിഫലിന്റെ കഥ എന്നു പറയാം. പുരുഷൻമാർ ഒന്നിലധികം വിവാഹം കഴിക്കുന്നത് വളരെ സാധാരണം മാത്രമാണ്. ആദ്യ വിവാഹം വളരെ ആർഭാടമായിത്തന്നെ നടക്കും. പെണ്ണും ചെറുക്കനും ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ അവരുടെ വീട്ടുകാരോ അതറിയിക്കുന്നതാണ് ആദ്യത്തെ ചടങ്ങ്. പിന്നെ ചെറുക്കന്റെ വീട്ടുകാർ പെണ്ണിന്റെ വീട്ടിലെത്തി പെണ്ണിനെ ആവശ്യപ്പെടുന്നതോടു കൂടി വിവാഹത്തിന്റെ പ്രാരംഭഘട്ടം ആരംഭിക്കും. ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ജാതിക്കോ മററ് അസമത്വങ്ങൾക്കോ യാതൊരു സ്ഥാനവുമില്ല. ക്രൈസ്തവരും മുസ്ലിങ്ങളും തമ്മിൽ വിവാഹബന്ധം സാധാരണമാണ്. പെണ്ണിന്റെയും ചെറുക്കന്റെയും വീട്ടുകാർ പരസ്പരം അംഗീകരിച്ചു കഴിഞ്ഞാൽ വിവാഹത്തിനുള്ള ദിവസവും സമയവും നിശ്ചയിക്കും. ഗോത്രവർഗ്ഗങ്ങൾക്കിടയിലും മററ് മതങ്ങൾക്കിടയിലും ഈ ആചാരങ്ങൾക്കിടയിലും ആചാരങ്ങളെല്ലാം ഒരു പോലെ തന്നെയാണ്. ഇവിടെ വിവാഹം കഴിക്കണമെങ്കിൽ ചെറുക്കൻ പെൺവീട്ടുകാർക്ക് പണം നൽകുക എന്ന ആചാരം ടാൻസാനിയയിലെ എല്ലാ ഗോത്രവിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്നു. തുകയിൽ ചെറിയ വ്യത്യാസങ്ങളുണ്ട് എന്ന് മാത്രം. ഞാൻ താമസിച്ച ഗ്രാമത്തിൽ ഇപ്പോൾ നിലവിലുള്ള തുക രണ്ടു ലക്ഷം ഷില്ലിംഗ് ആണ്. അതായത് 9000 ഇന്ത്യൻ രൂപ. ഈ തുക വിവാഹദിവസം മുഴുവനായും കൊടുത്തുകൊള്ളണമെന്നില്ല. പണം ഉടൻ കൊടുക്കാനില്ലാത്തവർക്ക് ദീർഘനാളത്തെ തവണ വ്യവസ്ഥയും അനുവദിക്കുന്നതാണ്. എന്നാൽ നിശ്ചയിച്ച തുകയുടെ 25% കല്യാണദിവസം നിർബന്ധമായും കൊടുത്തിരിക്കണം. കാരണം ഈ തുക വധുവിന്റെ അമ്മയ്ക്ക് അവകാശപ്പെട്ടതാണ്. എന്നാൽ എത്ര തവണ തെററിയാണെങ്കിലും ബാക്കിയുള്ള തുക കൊടുത്തു തീർക്കാൻ അയാൾ ബാദ്ധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആ കുടുംബബന്ധത്തിലുണ്ടാകുന്ന പെൺകുട്ടിയുടെ വിവാഹത്തിന് കിട്ടുന്ന പണം പിഴയായി ഭാര്യാപിതാവിന് നൽകേ

ണ്ടതുണ്ട്.

അയാളുടെ തുടർന്നുള്ള വിവാഹത്തിനും ഈ നിയമങ്ങളൊക്കെ ബാധകമാണെങ്കിലും പണം കൊടുക്കാൻ ശേഷിയില്ലാത്തവർ പൂർണ്ണമായ അംഗീകാരത്തോടു കൂടിയല്ല തുടർന്നു വിവാഹിതരാകുന്നത്. എന്നാൽ പണം കൈവശമുള്ളവർക്ക് സാമൂഹിക അംഗീകാരത്തോടു കൂടിയും ഗോത്രാചാര പ്രകാരവും എത്ര പ്രാവശ്യം വേണമെങ്കിലും വിവാഹമാകാം. ഒരാഴ്ചയിൽ തന്നെ രണ്ടു പ്രാവശ്യം വിവാഹം കഴിച്ച ആൾക്കാരെയും ഞാൻ പരിചയപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ആചാരങ്ങളൊന്നും സ്ത്രീകളുടെ കാര്യത്തിൽ പലപ്പോഴും പാലിക്കപ്പെടാറില്ല. സ്ത്രീ - പുരുഷാനുപാതത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് ടാൻസാനിയയിൽ വളരെ കൂടുതലാണ്. ഭർത്താവിന്റെ പുനർവിവാഹത്തിന് ഭാര്യക്ക് എതിർപ്പൊന്നുമില്ല. എന്നു മാത്രമല്ല അവരായിരിക്കും തുടർന്നുള്ള വിവാഹത്തിന് സഹായിയായി പ്രവർത്തിക്കുന്നത്. അന്നേ ദിവസം പന്തലുണ്ടാക്കാക്കാനും വിവാഹസദ്യയൊരുക്കാനും ഭക്ഷണം വിളമ്പാനുമൊക്കെ അവർ മുൻനിരയിൽത്തന്നെയുണ്ടാകും. കിങ്കോയിലെ എന്റെയൊരു സുഹൃത്തും സാംബാ വർഗ്ഗത്തിൽ പെട്ട 40 വയസ്സുള്ള ജൂലിയസ്സ് എന്നയാൾക്ക് 3 ഭാര്യമാരിലായി 9 മക്കളുള്ള കാര്യമറിഞ്ഞപ്പോൾ ഞാൻ ശരിക്കും ആശ്ചര്യപ്പെട്ടു പോയി. അയാളുടെ മൂന്നാമത്തെ ഭാര്യയ്ക്ക് 25 വയസ്സായിരുന്നു പ്രായം. ഞാൻ അത്ഭുതത്തോടെ ഈ കാര്യങ്ങൾ ചോദിച്ചറിയുന്നത് ശ്രദ്ധിച്ച മററൊരു സുഹൃത്ത് എന്നോട് ജൂലിയസ്സിന്റെ അച്ഛനെപ്പററിയന്വേഷിക്കുവാൻ പറഞ്ഞു. ജൂലിയസ്സ് തന്നെ പറഞ്ഞ കഥയിങ്ങനെ.

അച്ഛന് പ്രായം 80-നോടടുക്കുന്നു. പേര് ഹസാനി ഷെംകുൺഡി. ഇപ്പോഴും നല്ല ആരോഗ്യവാനാണ്. 12 ഭാര്യമാരിലായി 31 മക്കൾ. ഏററവും അവസാനം വിവാഹം കഴിച്ചയാൾക്ക് 20 വയസ്സ് പ്രായം; കുട്ടികൾ 2.

90 വയസ്സായ ബുഗു ഗോത്രത്തലവനായ മഹാറോ സെൻഗേസു എന്നയാളെ ഞാൻ പിന്നീട് പരിചയപ്പെട്ടു. അദ്ദേഹമവിടുത്തെ പ്രശസ്തനായ ഒരു നാട്ടുവൈദ്യൻ കൂടിയാണ്. അയാൾക്ക് 9 ഭാര്യമാരിലായി 27 കുട്ടികളുണ്ട്. ഇങ്ങനെ ഒരാൾ വിവാഹം കഴിച്ചാൽ, അയാൾ എല്ലാ ഭാര്യമാരുമൊപ്പം ഒരു വീട്ടിലാണ് താമസിക്കുന്നതെന്ന് ആരും തെററിദ്ധരിക്കരുത്. ആദ്യ വിവാഹത്തിനു ശേഷം ഭർത്താവിന്റെ വീട്ടിലേക്കോ അല്ലെങ്കിൽ പുതുതായി പണികഴിപ്പിച്ച വീട്ടിലേക്കോ ആ കുടുംബം താമസം മാറുന്നു. തുടർന്നുള്ള വിവാഹങ്ങളിലെ ഭാര്യമാർ പലപ്പോഴും അവരവരുടെ വീട്ടിൽ തന്നെയാണ് താമസിക്കുന്നത്. ടാൻസാനിയൻ ഗ്രാമങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിതത്തിലെ ഏററവും ദുരിത കാലഘട്ടം ആരംഭിക്കുന്നത് ഈ അവസ്ഥയിലാണ്. വിവാഹശേഷം കുറച്ചു നാളൊക്കെ ഒരുമിച്ചു ജീവിക്കുകയും കുട്ടികളുടെയും ഭാര്യമാരുടെയും ജീവിതാവശ്യങ്ങൾ നിറവേററുകയും ചെയ്യുന്ന ഒരാൾ തുടർന്ന് വിവാഹിതനാകുന്നതോടുകൂടി കുറച്ചു കാലത്തിനു ശേഷം ആദ്യത്തെ കുടുംബബന്ധങ്ങളിൽ നിന്ന് പതുക്കെ അകന്നു പോകുന്ന കാഴ്ചയാണ് സാധാരണയായി കണ്ടു വരാറുള്ളത്. അവസാനത്തെ ഭാര്യമാരോടൊപ്പം ഏതെങ്കിലും



ഗ്രാമത്തിൽ താമസിക്കുന്ന ഇയാൾ ആദ്യഭാര്യയിലെ കുട്ടികൾക്ക് തീർത്തും അപരിചിതനായി മാറുന്നു. പിന്നെ ഈ കുട്ടികളുടെ ഉത്തരവാദിത്തം അമ്മയുടെ മാത്രം ചുമലിലാണ്. അമ്മയ്ക്ക് ജോലി ചെയ്ത് കുട്ടികളുടെ കാര്യങ്ങൾ നോക്കിനടത്താനുള്ള ആരോഗ്യശേഷിയില്ലെങ്കിൽ ആ ഉത്തരവാദിത്തം വീട്ടിലെ മൂത്ത കുട്ടികൾ ഏറെറടുക്കേണ്ടി വരും. കിട്ടുന്ന കൂലിപ്പണിയിൽ നിന്നുള്ള തുച്ഛമായ വരുമാനം കൊണ്ട് പട്ടിണിയും പരിവട്ടവുമായി അലഞ്ഞു തിരിഞ്ഞ് അവർ അങ്ങനെ കഴിഞ്ഞു കൂടുന്നു. 12 വയസ്സുള്ള സിഫൽ ഒരു കുടുംബത്തിന്റെ നാഥയായ സമൂഹ സാഹചര്യം, ടാൻസാനിയൻ ഗ്രാമങ്ങളുടെ പശ്ചാത്തലത്തിൽ ഇങ്ങനെ യാഥാർത്ഥ്യമാകുന്നു.

**റോഡ്**

ടാൻസാനിയയിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ഏററവും ആകർഷകമായിത്തോന്നുന്നത് അവിടുത്തെ റോഡുകളുടെ സൗന്ദര്യമായിരിക്കാം. രാജ്യത്തെപ്രധാന നഗരങ്ങളെയും വിനോദസഞ്ചാര കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് മനോഹരമായ നാലുവരിപ്പാതകൾ സ്ഥിതി ചെയ്യുന്നു. ടാൻസാനിയയിലെ ജനസംഖ്യയിലെ പത്തു ശതമാനത്തിനു പോലും വാഹനസൗകര്യം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ സൂപ്പർ ഹൈവേകൾ നിർമ്മിച്ചിരിക്കുന്നത്. ടൂറിസ്ററുകൾക്കും വൻകിട ബിസിനസ്സുകാർക്കും മാത്രം യാത്ര ചെയ്യാനുള്ള രാജ്യവീഥിക്കായി രാജ്യത്തിന്റെ വരുമാനത്തിന്റെ നല്ലൊരു ശതമാനം മുടക്കിയിരിക്കുന്നത് കാണാം. ആദ്യമായി ടാൻസാനിയയിലെത്തുന്ന ഒരാൾ അവിടുത്തെ ഈ റോഡു സൗകര്യങ്ങൾ കണ്ട് അത്ഭുതപ്പെട്ടു പോകും. ഇതായിരിക്കും റോഡുകളുടെ പൊതു അവസ്ഥ എന്നു കരുതി ഗ്രാമത്തിലേക്കു കടന്നാൽ ചിത്രമാകെ മാറും. പ്രധാന ഹൈവേകളൊഴിച്ചുള്ള എല്ലാ റോഡുകളുംയാതൊരു അററകുററപ്പണികളും ചെയ്യാതെ അവഗണിക്കപ്പെട്ടിരുന്നു. സൂപ്പർ ഹൈവേകളിൽ നിന്ന് ചെറിയ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും ഉള്ള ഈ വഴികൾ നാളിതു വരെയായിട്ടും ടാറിംഗ് പോലും നടത്തിയിട്ടില്ല. ഓരോ മഴക്കാലം കഴിയുമ്പോഴും റോഡുകളുടെ അവസ്ഥ വീണ്ടും വീണ്ടും മോശമായിക്കൊണ്ടേയിരിക്കും.

*(തുടരും)*

സിഗ്മ ഇലക്ട്രോണിക്സ്, ആലക്കോട്, കണ്ണൂർ